ഉത്തരം

ഏഴാം പദ്ധതിക്കാലത്ത് ടൂറിസം വികസന പ്രവർത്തനങ്ങൾ അംഗീകൃത ട്രാവൽ സർക്യൂട്ടുകളുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുള്ള അത്തരം ട്രാവൽ സർക്യൂട്ടുകളിൽ പെരുന്തേനരുവി ഉൾപ്പെടുന്നില്ല. പരിമിതമായ വിഭവ ലഭ്യതയും ഏറ്റെടുക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ ബാഹുല്യവും നിമിത്തം പുതിയ കേന്ദ്രങ്ങളുടെ വികസനം ഏറ്റെടുക്കുവാൻ തൽക്കാലം നിവൃത്തിയില്ല.

പൊൻമുടി സുഖവാസ കേന്ദ്രം

778 [942] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടി സുഖവാസ കേന്ദ്രം വികസിപ്പിക്കുന്നതിനുള്ള പരിപാടികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇത് ഒരു സമയബന്ധിത പരിപാടിയായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പൊൻമുടിയിൽ ഗസ്റ്റ് ഹൗസ്, കോട്ടേജുകൾ, കോൺഫറൻസ് ഹാൾ എന്നിവ നിലവിലുണ്ട്. പുതിയ ചില വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ കീഴിൽ ഒരു മാൻ സങ്കേതം ഉണ്ടാക്കുവാനുള്ള പണി പൂർത്തിയായിവരുന്നു. പക്ഷികളെ അടുത്തു കാണത്തക്കവിധം ഒരു 'വാക്-ഇൻ-ഏവിയറി' നിർമ്മിക്കുവാനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. പൊൻമുടിയുടെ സമഗ്രമായ വികസനത്തെപ്പറ്റി റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് സമയപരിധി നിശ്ചയിക്കുക എളുപ്പമല്ല.

പത്തനംതിട്ടയിൽ ഗസ്റ്റ് ഹൗസ്

779 [943] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഗസ്റ്റ് ഹൗസുകൾ ഉണ്ടോ; ഗസ്റ്റ് ഹൗസുകൾ ഇല്ലാത്ത ജില്ലകൾ ഏതൊക്കെയാണ്;

(ബി) വാടകകെട്ടിടങ്ങളിൽ ഗസ്റ്റ് ഹൗസുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം; വാടകയിനത്തിൽ എന്തു തുക പ്രതിവർഷം ചെലവാകുന്നുണ്ട്;

(സി) പത്തനംതിട്ടയിൽ ഒരു ഗസ്റ്റ് ഹൗസ് ആരംഭിക്കാൻ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല. ആലപ്പുഴ, പത്തനംതിട്ട, കാസർകോഡ്, എന്നീ ജില്ലകളിൽ ഇപ്പോൾ ഗസ്റ്റ് ഹൗസുകൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly